പതിനാലാം കേരള നിയമ സഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6361 — 08-11-2016-ൽ മറുപടിക്ക്.

## ഐ.ടി. അധിഷ്ഠിത സേവനങ്ങൾ

**ചോദ്യം** — **മറുപടി**

ശ്രീ. ഒ. രാജഗോപാൽ

ശ്രീ. പിണറായി വിജയൻ
മുഖ്യമന്ത്രി

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | കേരളത്തിൽ ഐ.ടി. അധിഷ്ഠിത സേവനങ്ങൾ നൽകുന്നതിനായി എത്ര സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്; ഈ സ്ഥാപനങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തേക്ക് ശമ്പള ഇനത്തിലും മറ്റ് ഇതര ഇനത്തിലുമായി ആവശ്യമായ തുക എത്ര; | (എ) യും (ബി) യും | ഐ.ടി. വകുപ്പിന് കീഴിൽ ഐ.ടി അധിഷ്ഠിത സേവനങ്ങൾ നൽകുന്നത് കേരള സംസ്ഥാന ഐ.ടി. മിഷൻ മുഖാന്തിരമാണ്. ഐ.ടി മിഷൻ നേരിട്ടും, ഫ്രണ്ടസ്, അക്ഷയ എന്നീ കേന്ദ്രങ്ങൾ വഴിയും സേവനങ്ങൾ നൽകി വരുന്നു. ഇതു കൂടാതെ വിവിധ വകുപ്പുകൾ അവരുടെ സ്വന്തം പോർട്ടലുകൾ വഴിയും വിവിധ സേവനങ്ങൾ നൽകി വരുന്നുണ്ട്. |
| (ബി) | നിലവിൽ ഈ സ്ഥാപനങ്ങൾക്ക് മാർച്ച് 31 വരെ പ്രവർത്തിക്കുന്നതിനുള്ള കരുതൽ ധനം എത്ര എന്നും മാർച്ച് 31 വരെ പ്രവർത്തിക്കുന്നതിന് ഈ കരുതൽ ധനം പര്യാപ്തമാണോയെന്നും വ്യക്തമാക്കുമോ; മാർച്ച് 31 വരെ ലഭിക്കാവുന്ന വരുമാന സ്രോതസ്സുകൾ എന്തെല്ലാമെന്ന് സ്ഥാപനം തിരിച്ച് വിശദമാക്കുമോ; | | കേരളാ സ്റ്റേറ്റ് ഐ.ടി.മിഷന് 2017 മാർച്ച് 31 വരെ പ്രവർത്തിക്കുന്നതിന് ചുവടെ ചേർക്കുന്ന പ്രകാരം പ്ലാൻ & നോൺ പ്ലാൻ ബജറ്റ് പ്രൊവിഷൻ ഉണ്ട്. ഇത് പര്യാപ്തമാണ്. ഗവൺമെന്റിൽ നിന്ന് അനുവദിക്കുന്ന സഹായധനം (Grant-in-aid) ആണ് വരുമാന സ്രോതസ്സ്. |

| ഇനം | വിഹിതം (ലക്ഷത്തിൽ) |
|---|---|
| കേരളാ സ്റ്റേറ്റ് ഐ.ടി.മിഷൻ | 9110 |
| സൈക്രട്ടറിയേറ്റ് ഐ.ടി സെൽ | 33 |
| അക്ഷയ പ്രോജക്റ്റ് | 300 |

| | | | |
|---|---|---|---|
| | | | നാഷണൽ ഇ-ഗേവണൻസ് ആക്ഷൻ പ്ലാൻ — 3615<br>ശംബളം(നോൺ പ്ലാൻ) — 129.55<br>ശംബളേതരം (നോൺ പ്ലാൻ) — 39.70<br>ആകെ — 13227.25 |
| (സി) | പ്രവർത്തനം നിലച്ച പോകുന്ന രീതിയിൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സ്ഥാപനങ്ങൾ ഏതെല്ലാം; ഈ പ്രതിസന്ധി മറികടക്കുവാൻ സ്ഥാപനങ്ങൾ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്നറിയിക്കുമോ; | (സി) | കേരള സംസ്ഥാന ഐ.ടി. മിഷന് സാമ്പത്തിക പ്രതിസന്ധിയില്ല. |
| (ഡി) | സാമ്പത്തിക പ്രതിസന്ധിയിൽ സ്ഥാപനങ്ങളെ കൊണ്ടെത്തിക്കുന്നതിന് ഉണ്ടായ കാരണങ്ങൾ എന്തെല്ലാമെന്നും ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും വിശദമാക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ